REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു അഞ്ച് ദിവസത്തെ സന്ദർശനത്തിനായി മൂന്ന് സംസ്ഥാനങ്ങളിലേക്ക് ഇന്ന് യാത്ര തിരിക്കും.**
- **ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഗവൺമെന്റും ജനങ്ങളും തമ്മിലെ ഇഴയടുപ്പം വർധിപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് സാധിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **തിരുവനന്തപുരം വെഞ്ഞാറമൂട് യുവാവ് കുടുംബത്തിലെ നാല് പേരുൾപ്പെടെ അഞ്ച് പേരെ കൊലപ്പെടുത്തി.**
- **കാട്ടാന ആക്രമണത്തിൽ ആദിവാസി ദമ്പതികൾ കൊല്ലപ്പെട്ട ആറളം ഫാമിൽ മരം മുറിക്കുന്നതിന് തടസ്സങ്ങൾ നീക്കി മതിൽ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ.**
- **നഗരസഭകളുടെ തനത് ഫണ്ട് ഉപയോഗത്തിന് സംസ്ഥാന ഗവൺമെന്റിന്റെ അനുമതി വാങ്ങണമെന്ന നിബന്ധന പിൻവലിക്കണമെന്ന് കേരള മേയേഴ്സ് കൗൺസിൽ.**
- **ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഗ്രൂപ്പ് എയിൽ ഇന്ത്യയും ന്യൂസിലൻഡും സെമിയിൽ പ്രവേശിച്ചു.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു അഞ്ച് ദിവസത്തെ സന്ദർശനത്തിനായി മൂന്ന് സംസ്ഥാനങ്ങളിലേക്ക് ഇന്ന് യാത്ര തിരിക്കും. ബിഹാർ, മധ്യപ്രദേശ്, ഗുജറാത്ത് സംസ്ഥാനങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്. ഇന്ന് ബിഹാറിലെ പട്ന മെഡിക്കൽ കോളേജിന്റെ ശതാബ്ദി ആഘോഷത്തിൽ രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

തലശ്ശേരി പൊന്ന്യം ഏഴരകണ്ടത്തു നടക്കുന്ന പൊന്ന്യത്തങ്കം കാണുന്നതിനായി ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഇന്ന് പൊന്ന്യത്തെത്തും. വൈകിട്ട് നിയമസഭാ സ്പീക്കർ AN ഷംസീറിന്റെ നേതൃത്വത്തിൽ ഗവർണറെ സ്വീകരിക്കും. കളരി അക്കാദമിയുടെ ശിലാസ്ഥാപനവും ഗവർണർ നിർവഹിക്കും.

✪✪✪

ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ഗവൺമെന്റും ജനങ്ങളും തമ്മിലെ ഇഴയടുപ്പം വർധിപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് സാധിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇതിന് എല്ലാ ഉദ്യോഗസ്ഥരും മാതൃകാപരമായ നിലപാടു സ്വീകരിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. റവന്യൂ ദിനാചരണത്തിന്റേയും റവന്യൂ അവാർഡ് വിതരണത്തിന്റേയും ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഡെസ്ക് റിപ്പോർട്ട്.........

.........വോയ്സ്...........

കാര്യക്ഷമവും ജനോപകാരപ്രദവുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും റവന്യൂ അവാർഡുകൾ എല്ലാവർക്കും പ്രചോദനമായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അവാർഡ് ജേതാക്കളെ അഭിനന്ദിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കേരളം മാറുകയാണ്, വലിയ തോതിൽ വളരാൻ തയ്യാറെടുപ്പിലാണ് നാട്. അതിന് ഏറ്റവും നല്ല രീതിയിൽ പങ്ക് വഹിക്കുന്ന വകുപ്പാണ് റവന്യൂ വകുപ്പെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. സംസ്ഥാന സർവീസിലെ മഹാഭൂരിപക്ഷവും സത്യസന്ധമായും, കളങ്കരഹിതമായും ചുമതലകൾ നിർവഹിക്കുന്നവരാണ്. സ്തുത്യർഹമായ അവരുടെ ഇടപെടലുകളാണ് നമ്മുടെ നാടിന്റെ വലിയ മാറ്റത്തിന് ഇടയാക്കിയത്. തെറ്റായ പ്രവണതകൾ ശ്രദ്ധയിൽപ്പെട്ടാൽ സഹപ്രവർത്തകർക്ക് തന്നെ പ്രതികരിക്കാൻ കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

തിരുവനന്തപുരം വെഞ്ഞാറമൂട് യുവാവ് കുടുംബത്തിലെ നാല് പേരെയും പെൺസുഹൃത്തിനെയും ഉൾപ്പെടെ അഞ്ച് പേരെ കൊലപ്പെടുത്തി. വെട്ടേറ്റ ഇയാളുടെ മാതാവിനെ അതീവ ഗുരുതരാവസ്ഥയിൽ തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

വെഞ്ഞാറമൂട് പേരുമല സ്വദേശി 23 വയസുകാരനായ അഫാനാണ് നാടിനെ നടുക്കിയ കൂട്ടകൊലപാതകം നടത്തിയത്.

പ്രതിയുടെ പിതാവിന്റെ മാതാവ് 88കാരിയായ സൽമാബീവി, പിതാവിന്റെ സഹോദരൻ ലത്തീഫ്, ലത്തീഫിന്റെ ഭാര്യ ഷാഹിദ, പ്രതിയുടെ അനുജൻ അഹ്സാൻ, പെൺസുഹൃത്ത് ഫർസാന എന്നിവരെയാണ് വെട്ടി കൊലപ്പെടുത്തിയത്. വെഞ്ഞാറാമൂടിലെ പേരുമല, തിരുവനന്തപുരത്ത് പാങ്ങോട്, കൂനൻവേങ്ങ ആലമുക്ക് എന്നീ മൂന്ന് സ്ഥലങ്ങളിലായി കൊലപാതകം നടത്തിയ ശേഷം ഇയാൾ ഓട്ടോറിക്ഷയിൽ പൊലീസ് സ്റ്റേഷനിലെത്തി ആറ് പേരെ കൊലപ്പെടുത്തിയെന്ന് മൊഴി നൽകുകയായിരുന്നു. തുടർന്ന് സംഭവസ്ഥലം സന്ദർശിച്ച പൊലീസ് ആണ് അഞ്ച് പേർ മരിച്ച കാര്യം സ്ഥിരീകരിച്ചത്.

വിഷം കഴിച്ചെന്നറിയിച്ച പ്രതി അഫാനെ പിന്നീട് ആശുപത്രിയിലേക്ക് മാറ്റി.

പ്രതി പൊലീസ് നിരീക്ഷണത്തിലാണെണ് റൂറൽ S P സുദർശൻഅറിയിച്ചു. ഇന്നലെ രാവിലെ പത്തിനും വൈകിട്ട് ആറിനു മിടയിലാണ് കൊലപാതകങ്ങൾ നടന്നതെന്നും S P മാധ്യമങ്ങളോട് പറഞ്ഞു .

✪✪✪

കണ്ണൂർ ആറളത്ത് കാട്ടാനയുടെ ചവിട്ടേറ്റ് കൊല്ലപ്പെട്ട ദമ്പതികളുടെ മൃതദേഹം സംസ്കരിച്ചു. ഇന്നലെ പോസ്റ്റ് മോർട്ടത്തിന് ശേഷം മൃതദേഹം ആറളത്ത് എത്തിച്ചപ്പോൾ വലിയ രീതിയിൽ പ്രതിഷേധമുണ്ടായി.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....

......വോയ്സ്.......

കൊല്ലപ്പെട്ട വെള്ളിയുടെയും ലീലയുടെയും മൃതദേഹം മകൾ ലക്ഷമിയുടെ വീട്ടുവളപ്പിലാണ് സംസ്കരിച്ചത്. വനം വകപ്പ് മന്ത്രി നേരിട്ട് എത്തി തങ്ങളുമായി സംസാരിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം. സർവ്വകക്ഷി യോഗത്തിന് ശേഷം സ്ഥലത്തെത്തിയ മന്ത്രി പ്രതിഷേധക്കാരുമായി സംസരിച്ചു. ആനമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് സർവ്വ കക്ഷി യോഗത്തിൽ എടുത്ത തീരുമാനങ്ങൾ മന്ത്രി അറിയിച്ചു. തുടർന്ന്

രാത്രിയടോയായിരുന്നു സംസ്കാരം. മരം മുറിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കി ആന മതിൽ നിർമ്മാണം കാര്യക്ഷമമായി, സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും അതുവരെ സോളാർ ഹാങ്ങിങ് ഫെൻസിങ് സ്ഥാപിക്കുമെന്നും മന്ത്രി AK ശശീന്ദ്രൻ സർവ്വകക്ഷി യോഗത്തിൽ അറിയിച്ചു. മതിൽ പ്രവൃത്തി ഇനിയും ആരംഭിക്കാത്ത സ്ഥലങ്ങളിൽ ഫെബ്രുവരി അവസാനം തന്നെ പ്രവൃത്തി തുടങ്ങാൻ നടപടിയെടുക്കും. മരണപ്പെട്ടവരുടെ കുടുംബത്തിലെ ഒരാൾക്ക് വനം വകുപ്പ് താൽക്കാലിക ജോലി നൽകുമെന്നും മന്ത്രി അറിയിച്ചു. ജനവാസ കേന്ദ്രങ്ങളിൽ തമ്പടിച്ച ആനകളെ ഉൾക്കാടുകളിലേക്ക് തുരത്തുന്നതിന് RRT-കൾ നടപടി ആരംഭിച്ചു ഇതിനായി രണ്ടോ മൂന്നോ RRT-കളെ അധികമായി നിയോഗിക്കും. വയനാട് പുൽപ്പള്ളിയിൽ ദിനേശ് സോഫ്റ്റ്വെയർ മുഖേന നടപ്പിലാക്കിയ ഹൈടെക് പ്രതിരോധ സംവിധാനം അടുത്ത ഘട്ടമായി ആറളത്ത് നടപ്പിലാക്കും.

✪✪✪

ഇടുക്കിയിൽ കാട്ടാന അക്രമണത്തിൽ വനംവകുപ്പ് വാച്ചർക്ക് പരിക്കേറ്റു. കുമളി മന്നാക്കുടി സ്വദേശി രാജനാണ് പരിക്കേറ്റത്. പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ ഇന്നലെ ഉച്ചയോടെയാണ് കാട്ടാന ആക്രമണമുണ്ടായത്. നിരീക്ഷണ പാതയിലൂടെ വനം വകുപ്പ് ഉദ്യോഗസ്ഥരോടൊപ്പം പോകുമ്പോഴാണ് കാട്ടാനയുടെ മുന്നിൽ അകപ്പെടുകയും അക്രമണമുണ്ടാകുകയും ചെയ്തത്. പരിക്കേറ്റ രാജനെ ബോട്ട് മാർഗം കുമളിയിലെത്തിച്ച് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി.

✪✪✪

സംസ്ഥാനത്ത് ഇന്നലെ വോട്ടെടുപ്പ് നടന്ന 28 തദ്ദേശ ഭരണ വാർഡുകളിലെ വോട്ടെണ്ണൽ രാവിലെ 10 ന് വിവിധ കേന്ദ്രങ്ങളിൽ നടക്കും. തിരഞ്ഞെടുപ്പ് ഫലം കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാകും.

വോട്ടെടുപ്പിൽ 65.83 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ A. ഷാജഹാൻ അറിയിച്ചു.

✪✪✪

ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവിനെ തുടർന്ന് പട്ടാമ്പി, മുക്കം, കൊടുവള്ളി, പയ്യോളി, ഫറോക്ക്, പാനൂർ, മട്ടന്നൂർ, ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റികളിലെയും കാസർഗോഡ് പടന്ന ഗ്രാമപഞ്ചായത്തിലെയും വാർഡുവിഭജനം സംബന്ധിച്ച് പരാതിക്കാരെ നേരിൽകേൾക്കാൻ ഡീലിമിറ്റേഷൻ കമ്മീഷൻ തീരുമാനിച്ചതായി കമ്മീഷൻ ചെയർമാൻ A. ഷാജഹാൻ അറിയിച്ചു. പരാതിക്കാരെ അടുത്തമാസം ഏഴിന് രാവിലെ 10 മുതൽ തിരുവനന്തപുരം തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിലാണ് കമ്മീഷൻ നേരിൽ

കേൾക്കുക. സംസ്ഥാനത്തെ മറ്റ് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലെ വാർഡുവിഭജന പരാതികളിൽ ഡീലിമിറ്റേഷൻ കമ്മീഷൻ ജില്ലകളിൽ നടത്തിയ പബ്ലിക് ഹിയറിംഗ് ഈ മാസം 22-ന് പൂർത്തിയായിരുന്നു.

✪✪✪

മലപ്പുറം എടക്കര ചുങ്കത്തറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെതിരായ അവിശ്വാസ പ്രമേയം ഇന്ന് പരിഗണിക്കും. നിലവിലെ പ്രസിഡന്റ് CPIM-ലെ TP. റീനക്കെതിരെ UDFലെ പത്ത് അംഗങ്ങളാണ് അവിശ്വാസ പ്രമേയത്തിന് നോട്ടിസ് നൽകിയത്.

✪✪✪

നഗരസഭകളുടെ തനത് ഫണ്ട് ഉപയോഗത്തിന് സംസ്ഥാന ഗവൺമെന്റിന്റെ അനുമതി വാങ്ങണമെന്ന നിബന്ധന പിൻവലിക്കണമെന്നും തനത് ഫണ്ട് പദ്ധതികൾ നടപ്പിലാക്കാനും പൂർണ്ണ അധികാരം കൗൺസിലുകൾക്ക് നൽകണമെന്നും കോഴിക്കോട്ട് നടന്ന കേരള മേയേഴ്സ് കൗൺസിൽ ആവശ്യപ്പെട്ടു.

കൊച്ചി മേയർ M.അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോഴിക്കോട് മേയർ ഡോ.ബീന ഫിലിപ്പ്, കണ്ണൂർ മേയർ മുസ്ലിഹ് മഠത്തിൽ, തൃശ്ശൂർ മേയർ MK.വർഗ്ഗീസ് എന്നിവർ പങ്കെടുത്തു.

അർബ്ബൻ കമ്മീഷന്റെ ഇടക്കാല റിപ്പോർട്ട് അടിയന്തരമായി നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന ആവശ്യവും യോഗം ഉന്നയിച്ചു.

വഴിയോരത്ത് അന്തിയുറങ്ങുന്നവരെ പുനരധിവസിപ്പി ക്കുന്ന ഉദയം പദ്ധതി, അതിദാരിദ്ര്യ ലഘൂകരണ പദ്ധതി, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം തുടങ്ങിയവ എല്ലാ നഗരസഭകളിലും നടപ്പിലാക്കാനും യോഗം തീരുമാനിച്ചു.

✪✪✪

മാലിന്യ സംസ്കരണത്തിൽ മികച്ച പ്രവർത്തനം നടത്തുന്ന പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അവാർഡ് നൽകുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. മാലിന്യമുക്ത നവകേരളം ജനകീയ കാമ്പയിനിന്റെ ഭാഗമായി തദ്ദേശ ഭരണവകുപ്പും ശുചിത്വമിഷനും ശുചിത്വ - മാലിന്യ സംസ്കരണരംഗത്തെ വിവിധ ഗവൺമെന്റ് ഏജൻസികളും ചേർന്ന് സംഘടിപ്പിക്കുന്ന ക്ലീൻ കേരള കോൺക്ലേവിന്റെ ലോഗോ, വെബ് സൈറ്റ്, പ്രാഥമിക ബ്രോഷർ എന്നിവയുടെ പ്രകാശനം കണ്ണൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

ICC പുരുഷ ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ ഗ്രൂപ്പ് എയിൽ ഇന്ത്യയും ന്യൂസിലൻഡും സെമിയിൽ പ്രവേശിച്ചു. ആതിഥേയരും നിലവിൽ ചാമ്പ്യന്മാരുമായ പാകിസ്താനും ബംഗ്ലാദേശും പുറത്തായി.

റാവൽപിണ്ടിയിൽ ഇന്നലെ നടന്ന മത്സരത്തിൽ ന്യൂസിലൻഡ് ബംഗ്ലാദേശിനെ അഞ്ച് വിക്കറ്റിന് പരാജയ പ്പെടുത്തിയതോടെയാണ് ഗ്രൂപ്പ് A-യിലെ സെമി ചിത്രം തെളിഞ്ഞത്.

ന്യൂസ് ഡെസ്ക്ക് തയ്യാറാക്കിയ റിപ്പോർട്ട്.

.....(വോയ്സ്).....

ഇന്ത്യയ്ക്കും ന്യൂസിലൻഡിനും രണ്ടു മത്സരങ്ങളിൽ നിന്നായി നാല് പോയന്റാണുള്ളത്. നിലവിൽ ഗ്രൂപ്പ് A യിൽ ന്യൂസിലൻഡാണ് ഒന്നാമത്. പട്ടികയിൽ രണ്ടാമതാണ് ഇന്ത്യ. ഓരോ ഗ്രൂപ്പിൽ നിന്നും ആദ്യ രണ്ട് ടീമുകളാണ് സെമിഫൈനലിലേക്ക് യോഗ്യത നേടുന്നത്. ബംഗ്ലാദേശും പാകിസ്താനും രണ്ടുമത്സരങ്ങളും തോറ്റാണ് പുറത്താകുന്നത്

റാവൽപിണ്ടിയിൽ ഇന്നലെ ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് നിശ്ചിത 50 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 236 റൺസെടുത്തു. 237 റൺസ് വിജയലക്ഷ്യവുമായി മറുപടി ബാറ്റിങ്ങിനിറങ്ങിയ ന്യൂസിലൻഡ് 46.1 ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 240 റൺസെടുത്തു.

ഇന്ന് റാവൽപിണ്ടിയിൽ ഗ്രൂപ്പ് B മത്സരത്തിൽ ദക്ഷിണാഫ്രിക്ക, ഓസ്ട്രേലിയയെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2:30 നാണ് മത്സരം

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ബംഗലൂരു FC, ചെന്നൈയിൻ FCയെ നേരിടും. ബംഗലൂരുവിൽ രാത്രി 7.30 നാണ് മത്സരം.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ എവേ മത്സരത്തിൽ ഗോകുലം കേരള ഇന്ന് ഐസ്വാൾ FCയെ നേരിടും. ഐസ്വാളിൽ രാത്രി ഏഴിനാണ് മത്സരം.

✪✪✪

കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നടക്കുന്ന അഖിലേന്ത്യാ അന്തർ സർവ്വകലാശാല വനിതാ ഖോ ഖോ ചാമ്പ്യൻഷിപ്പിൽ സാവിത്രിഭായ് ഫൂലെ യൂണിവേഴ്സിറ്റി, മാണ്ഡ്യ യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി,

മുംബൈ യൂണിവേഴ്സിറ്റി ടീമുകൾ സെമിഫൈനലിൽ പ്രവേശിച്ചു. സെമിഫൈനൽ മത്സരങ്ങൾ രാവിലെ 8.30 ന് നടക്കും.

✪✪✪

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അടുത്തവർഷം വിത്ത് ഉത്സവം സംഘടിപ്പിക്കുമെന്ന് മന്ത്രി P പ്രസാദ് അറിയിച്ചു. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിലെ കഞ്ഞിക്കുഴിയിൽ സംഘടിപ്പിച്ച സംസ്ഥാനതല പരമ്പരാഗത വിത്ത് ഉത്സവത്തിന്റെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്ത് വിത്തു ബാങ്കുകൾ സ്ഥാപിക്കുമെന്നും വിത്ത് സംരക്ഷകർക്ക് സാമ്പത്തിക സഹായം നൽകുമെന്നും മന്ത്രി പറഞ്ഞു. നാടൻ വിത്തുകൾ കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും പ്രസാദ് അറിയിച്ചു.

✪✪✪

ദന്തഗോപുരത്തിലിരുന്ന് സാഹിത്യ സൃഷ്ടി മാത്രം ചെയ്യുന്ന ഒരു സ്വപ്നജീവി ആയിരുന്നില്ല സരസകവി മൂലൂർ S പദ്മനാഭപ്പണിക്കരെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. മൂലൂരിന്റെ 156-ാമത് ജൻമദിനാഘോഷവും മൂലൂർ സ്മാരകത്തിന്റെ 36-ാം വാർഷികാഘോഷ പരിപാടികളും പത്തനംതിട്ടയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പൊതു വിദ്യാഭ്യാസ രംഗം മികച്ചതാക്കി മാറ്റുന്നതിനു കേരള മോഡൽ ഗവൺമെന്റ് നടപ്പിലാക്കിവരികയാണെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് വെള്ളിപറമ്പ് GLP സ്കൂൾ കെട്ടിട ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

മഹാരഥൻമാരായ നേതാക്കൾ സ്വപ്നം കണ്ട ഇന്ത്യ യാഥാർത്ഥ്യമാക്കുന്നതിന് ജനാധിത്യ - മതേതര മൂല്യങ്ങൾ കാത്തു സൂക്ഷിക്കണമെന്നും അതിന് വഴിവിളക്കാകാൻ അധ്യാപകർക്ക് കഴിയണമെന്നും മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. NSTA സംസ്ഥാന സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ചിത്രകലാ അദ്ധ്യാപകനും ശിൽപ്പിയുമായ ദേവസ്യ ദേവഗിരിയെ ഗുരുശ്രേഷ്ഠ പുരസ്കാരം നൽകി മന്ത്രി ആദരിച്ചു.

✪✪✪

സമരം ചെയ്യുന്ന ആശാവർക്കർമാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചും അവരോടു സംസ്ഥാന ഗവൺമെന്റിന്റെ അവഗണനയിൽ പ്രതിഷേധിച്ചും മണ്ഡലം കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി തീപ്പന്തം കൊളുത്തി പ്രതിഷേധ പ്രകടനം നടത്തി.

'ആശാവർക്കർമാർക്ക് നീതി നൽകൂ'യെന്ന മുദ്രാവാക്യം ഉയർത്തിയാണ് സംസ്ഥാനത്തെ 1,300-ലധികം മണ്ഡലം കോൺഗ്രസ് കമ്മിറ്റികളിലും തീപ്പന്തം കൊളുത്തി പ്രകടനം നടന്നത്.

കഴിഞ്ഞ പതിനഞ്ച് ദിവസമായി ആശാവർക്കർമാർ സെക്രട്ടറിയേറ്റിന് മുന്നിൽ സമരത്തിലാണ്. മാസങ്ങളായി മുടങ്ങിയ ഓണറേറിയവും ഇൻസെന്റീവും നൽകുക, ശമ്പള വർധന, വിരമിക്കൽ ആനുകൂല്യം നൽകുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

CPIM കേന്ദ്ര കമ്മിറ്റി അംഗം എളമരം കരീം ആശാവർക്കർമാരെ പാട്ട പിരിവുകാരെന്ന് വിളിച്ച് അധിക്ഷേപിക്കുകയാണെന്നും ആശാവർക്കർമാരുടെ സമരം ന്യായമായതിനാലാണ് കോൺഗ്രസ് സമരത്തിന് പിന്തുണ പ്രഖ്യാപിച്ചതെന്ന് KPCCജനറൽ സെക്രട്ടറി M.ലിജു വ്യക്തമാക്കി.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: ഹക്കീം കൂട്ടായി*
*Casual Newsreader: അനുഷ ആത്മപ്രകാശ്*
*DEO: സുബോധ് സി കെ*